# എല്ലാ തലമുറയിലും ദൈവഭക്തരായ നേതാക്കന്മാരെ ദൈവത്തിന് ആവശ്യമുണ്ട്.

സാക് പുന്നൻ

WFTW 07 ജൂലൈ 2013

1 രാജാക്കന്മാർ തുടങ്ങുന്നത് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദിലും അവസാനിക്കുന്നത് യിസ്രായേലിനെ ഭരിച്ച ഏറ്റവും മോശമായ രാജാവായ ആഹാബിലുമാണ് . യിസ്രായേൽ ശക്തമായ ഒരു രാഷ്ട്രമായി തുടങ്ങുകയും ദുഷ്ടരായ പല രാജാക്കന്മാരുടെയും ഭരണശേഷം രണ്ടു രാഷ്ട്രമായി വിഭജിക്കപ്പെട്ട നിലയിൽ അവസാനിക്കുകയും ചെയ്തു .

ദൈവജനത്തിന്റെ നിലവാരം അവരെ നയിക്കുന്ന നേതാക്കന്മാരുടെ ആത്മീയതക്ക് അനുസരിച്ചാണിരിക്കുന്നത്. യിസ്രായേലിന് ദൈവഭക്തനായ ഒരു നേതാവുണ്ടായിരുന്നപ്പോൾ അവ4 ദൈവീക വഴികളിൽ മുന്നോട്ട് പോയി. എന്നാൽ അവർക്ക് ജഡീകനായ ഒരു നേതാവുണ്ടായപ്പോൾ അവരും ജഡീകരായി ദൈവത്തിൽ നിന്നും അകന്നു.

ദൈവജനത്തിന്റെ ഏറ്റവും വലിയ ആവശ്യം ദൈവഭക്തരായ നേതാക്കൾ വേണമെന്നുള്ളതാണ്. യേശു താ9 ജീവിച്ചിരുന്ന കാലത്ത് പുരുഷാരത്തെ നോക്കി അവ4ക്ക് ഇടയനില്ലാത്തതായി കണ്ടു. തന്റെ ജനത്തിന്റെ മദ്ധ്യേ ഇടയന്മാരെ അയക്കേണ്ടതിന് ദൈവത്തോടു പ്രാ4ത്ഥിക്കുവാ9 അവിടുന്ന് ശിഷ്യന്മാരോട് പറഞ്ഞു (മത്തായി 9:36 38)

ദൈവം ഇന്ന് ലോകമെമ്പാടും നോക്കുമ്പോൾ ദൈവഭക്തരായ നേതാക്കന്മാരുടെ അവശ്യം കാണുന്നു. അതിനാൽ നമ്മുടെ തലമുറയിൽ ദൈവത്തിന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ആവുക എന്നതാണ് നമുക്കുള്ള വെല്ലുവിളി .

എല്ലാ തലമുറയിലും ദൈവത്തിന് ദൈവഭക്തരായ നേതാക്കന്മാരെ ആവശ്യമുണ്ട്. തൊട്ടുമുൻപുള്ള തലമുറയിലെ നേതാക്കന്മാരുടെ ജ്ഞാനത്തിൽ ആശ്രയിക്കുവാൻ നമുക്ക് കഴിയുകയില്ല. ദാവീദിന് എല്ലാ കാലവും യിസ്രായേലിന്റെ രാജവായിരിക്കുവാൻ സാധിച്ചില്ല . അവൻ മരിക്കും .അതിനു ശേഷം മറ്റാരെങ്കിലും സ്ഥാനമേറ്റെടുക്കും .അടുത്ത രാജാവ് എങ്ങനെയുള്ള മനുഷ്യനാണെന്നതിന്റെ അടിസ്ഥാനത്തിലാണ് യിസ്രായേലിന്റെ ഭാവി.

ഒരു തലമുറയിൽ ഒരു വേല തുടങ്ങുവാൻ ദൈവഭക്തരായ ഒരുവനെ ദൈവം ഉയർത്തുന്നു. അദ്ദേഹത്തിന് പ്രായമാകുമ്പോൾ മരിക്കും. അടുത്ത തലമുറയിലെ നേതാക്കന്മാർക്ക് ഈ സ്ഥാപകന്റെ അറിവും അദ്ദേഹത്തിന്റെ വേദപ്രമാണങ്ങളും മാത്രമേ ഉള്ളൂ . അല്ലാതെ അദ്ദേഹത്തിന്റെ ദൈവഭക്തിയോ ദൈവത്തെക്കുറിച്ചുള്ള അറിവോ ഇല്ല .അങ്ങനെയെങ്കിൽ ജനങ്ങൾ തീർച്ചയായും വഴിതെറ്റിപ്പോകും .

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)